



# RAINBOW
## SMCM NEWSLETTER


**EDITORIAL BOARD**

- Fr Joy Thottamkara C.Ss.R
- Fr Jobin Vaniamparambil C.Ss.R
- Mr Shibu Mathew (Chief Editor)
- Mr. Raji Chacko
- Mrs. Teena Thomas
- Website Manager: Joby Cyriac


**CONTENTS**


- Editorial
- Messages
- Articles
- Family Column
- Community News
- Events
- Bible Quiz


## Editorial

Vol .8 Date: 26/10/14



ഒരു ശൈത്യകാലം കൂടി ജീവിതത്തിന്റെ വാതായനത്തിൽ നിന്നും പടിയിറങ്ങുവാൻ തുടങ്ങുന്നു. ശൈത്യത്തിന്റെ ഹിമാവരണത്താൽ മറഞ്ഞിരുന്ന സൂര്യൻ മെല്ലെ തലയുയർത്തി നോക്കുവാൻ തുടങ്ങിയിരിക്കുന്നു. തണുപ്പിൽ വിറങ്ങലിച്ചുനിന്നിരുന്ന വൃക്ഷലതാദികൾ, സൂര്യകിരണങ്ങളുടെ തലോടലാൽ പുതിയ പൂവിതളുകൾ വിരിയിക്കുവാൻ തുടങ്ങിയിരിക്കുന്നു. പുതിയ വസന്തത്തിന്റെ വർണ്ണചാർത്തുമായി നമ്മുടെ 'റെയിൻബോ' വീണ്ടും വിരുന്നെത്തിയിരിക്കുന്ന. ശൈത്യത്തിന്റെ നീണ്ട ഇടവേളയ്ക്കു അവധി നൽകി വസന്തം വീണ്ടും വരവായിരിക്കുന്നു. ജീവിതത്തിൽ വീണുകിട്ടിയ ഒരു നീണ്ട ഇടവേളയ്ക്കുശേഷമാണ് ഞാനും എത്തിയിരിക്കുന്നതും. എന്നും മനസ്സിൽ ആഗ്രഹിച്ചിരുന്ന ഒരു നീണ്ട അവധിക്കാലം നാട്ടിൽ ചിലവഴിക്കാൻ സാധിച്ചതു ദൈവാനുഗ്രഹമായിരുന്നു. നാട്ടിലെ ജീവിതത്തിലെ ഏറ്റവും ആനന്ദകരമായ അനുഭവം, മഞ്ഞുകണങ്ങൾ പെയ്തിറങ്ങിയ ചെറിയ തണുപ്പുള്ള പുലർകാലത്ത് ഇടവഴികൾ താണ്ടി, കാൽനടയായി പള്ളിയിൽ എത്തി കുർബ്ബാനയിൽ പങ്കുകൊള്ളുവാൻ ലഭിച്ചിരുന്ന അവസരങ്ങളായിരുന്നു. കുർബ്ബാനയിൽ പങ്കുകൊണ്ടു, വികാരിയച്ചന്റെ ഹൃദ്യമായ പ്രസംഗങ്ങൾ കേട്ടു. പതിവുള്ള ആത്മീയത നിറഞ്ഞ പ്രസംഗത്തിനുപകരം അന്നു വികാരിയച്ചൻ പറഞ്ഞ പ്രസംഗം ഞാൻ കൂടുതൽ ശ്രദ്ധിച്ചു. കാരണം, കത്തോലിക്കരും പ്രകൃതിസംരക്ഷണവുമായിരുന്നു പസംഗവിഷയം. ആത്മീയതയിലൂന്നിയ ജീവിതം നയിക്കുന്നതുപോലെതന്നെ കത്തോലിക്കർക്കു ധാർമ്മികമായ ഒരു ഉത്തരവാദിത്ത്വമാണു പ്രകൃതിസംരക്ഷണം എന്നു അച്ചൻ വ്യക്തമാക്കി. വ്യത്യസ്തമായ ആ പ്രസംഗം എന്നെ ചിന്തയിലാഴ്ത്തി. വർഷങ്ങൾക്കു മുൻപ് എന്റെ വിദ്യാഭ്യാസകാലഘട്ടങ്ങളിൽ, ദേവാലയത്തിൽ പോകുമ്പോൾ, വഴിയിലുടനീളം ശുഭ്രവസ്ത്രധാരികളായ ധാരാളം ആളുകൾ കുശലം പറഞ്ഞു പള്ളിയിൽ പോവുന്നതു കാണാമായിരുന്നു. പക്ഷേ, ഇന്നു വഴിയിൽ നടന്നുനീങ്ങുന്ന ആളുകൾക്കുപകരം നിരങ്ങി നീങ്ങുന്ന വാഹനങ്ങളാണ്. പള്ളിമുറ്റത്തു വാഹനം പാർക്ക് ചെയ്യുവാൻ ഇടംലഭിക്കാതെ ആളുകൾ വലയുന്നു. അതേ, പ്രകൃതിസംരക്ഷണം നാം ഇവിടെ തുടങ്ങേണ്ടിയിരിക്കുന്നു. പ്രകൃതിയുടെ ശ്വാസകോശത്തിലേക്കു കത്തിച്ചു വിടുന്ന ഈ കാർബൺകണങ്ങളെ, നമുക്കു കുറച്ചെങ്കിലും ഒഴിവാക്കാം, ഈ വാഹനങ്ങൾ ഒഴിവാക്കുമെങ്കിൽ.

പ്രവാസികളായ നമ്മളിൽ പലരും നാട്ടിൽ വരുമ്പോൾ നടത്തുന്ന ആഡംബരമായ ആഘോഷങ്ങൾ; വൈദ്യുത ദീപാലങ്കാരങ്ങൾ, ചെണ്ടമേളക്കാർ, സംഗീതസന്ധ്യകൾ, ഇതിലൂടെ ഉളവാകുന്ന ശബ്ദമലിനീകരണം, വൈദ്യുത ദുർവിനിയോഗം, പ്രകൃതിയുടെ മടിത്തട്ടിലേക്കു വലിച്ചെറിയുന്ന ഭക്ഷണപദാർത്ഥങ്ങളുടെ അവശിഷ്ടങ്ങൾ, ചെറിയ ആഘോഷങ്ങൾ വലിയ ആഘോഷങ്ങളായി മാറുമ്പോൾ തീൻമേശയിലെത്തുവാൻ ജീവൻ വെടിയുന്ന ജീവജാലങ്ങൾ, കത്തോലിക്കന്റെ പ്രകൃതിസംരക്ഷണം നാം ഇവിടെ തുടങ്ങേണ്ടതല്ലേ? പ്രകൃതിയോടു കൊഞ്ഞനം കുത്തി നമ്മൾ പണിതുയർത്തുന്ന, കോൺക്രീറ്റു സൗധങ്ങൾ, രണ്ടുപേർക്കു വസിക്കുവാൻ വലിയ ആഡംബരവീടുകൾ, ഇതു പണിതുയർത്തുവാൻ പ്രകൃതിയുടെ മടിത്തട്ടിൽനിന്നും ഊറ്റിയെടുക്കുന്ന മണൽശേഖരങ്ങൾ, മലകൾ ഇടിച്ചു നിരത്തിയുള്ള മണ്ണെടുപ്പും, പ്രകൃതിയുടെ അടിത്തട്ടിലേക്കു ആഴ്ന്നിറങ്ങിയുള്ള അനധികൃതമായ കരങ്കൽഖനനം – ഇതെല്ലാം നമ്മുടെ നാടിന്റെ പ്രകൃതി സന്തുലിതാവസ്ഥയ്ക്കു താളം തെറ്റിച്ചുതുടങ്ങിയിരിക്കുന്നു. കത്തോലിക്കരായ നമ്മുടെ ധാർമ്മികമായ പ്രകൃതിസംരക്ഷണം നാം ഇവിടെ തുടങ്ങേണ്ടിയിരിക്കുന്നു. പ്രവാസികളായ നമുക്കു ഈ കാര്യങ്ങളെക്കുറിച്ചു ഒരു നല്ല അവബോധം ഉണ്ടാവേണ്ടതുണ്ട്. ലാളിത്യത്തിന്റെയും എളിമയുടെയും പര്യായമായ പരിശുദ്ധ അമ്മയുടെ തിരുനാൾ ആഘോഷിക്കുന്ന ഈ വേളയിൽ, ആ അമ്മയുടെ ലാളിത്യം നമുക്കും പിന്തുടരാം. ക്രിസ്ത്യാനി എന്ന നിലയിൽ ആ ലാളിത്യം നാം പിന്തുടരുമ്പോൾ പ്രകൃതിക്കു ദോഷകരമായ പല കാര്യങ്ങളും നമുക്കു ഒഴിവാക്കാനാവും. ലളിതമായ ആ ലാളിത്യത്തിലൂടെ കത്തോലിക്കരായ നമുക്കും പ്രകൃതി സംരക്ഷണത്തിൽ പങ്കാളിയാവാം.

എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ടു ഈ ലക്കം ' റെയിൻബോ' നിങ്ങൾക്കായി സമർപ്പിക്കുന്നു. എഡിറ്റോറിയൽ ടീമിനുവേണ്ടി

ഷിബു മാത്യു

# Congratulations



Congratulations to Rev Bishop Patrick Dunn , the Bishop of Auckland for completing 20 years of Bishophood. Bishop Dunn was ordained as Bishop on 25th July 1994.






Congratulations to Rev Father Alex Viruthakulangara C.Ss.R who celebrated 25 years of priesthood. Fr Alex had been the former chaplain of the Auckland Syro Malabar Catholic Mission and had been instrumental in the establishment of the Mission He now serves as the parish priest for Port of Spain, Trinidad and Tobaga in the Caribbean.

# Messages



***"With the Holy Spirit, Mary is always present in the midst of the people."***

*These are the words of Pope Francis in the Apostolic Exhortation, Evangelii Gaudium, the Joy of the Gospel. We have experienced the presence of Blessed Virgin Mary in our lives, especially during our feast days. We had 10 days of Konthanamaskaram culminating in the annual feast day celebrations. These have been days of special blessings. Each family Unit undertook great preparation in conducting the Holy Qurbana, Offertory & Rosary. I appreciate your strong faith and earnest prayers. As we are pravasis in this land; keeping our faith and tradition is important. Let this feast celebration be a time of blessing for all of us. Let our Mother of Perpetual Help intercede for us.*

***Happy Feast to You All.***

**Fr Joy Thottamkara CSsR, Chaplain**
**Auckland Syro Malabar Catholic Mission**



*May the blessings of our Blessed Mother be with you all. May her eternal light shine through you and let her divine light dispel all the darkness in your lives.*

***Happy Feast to You All.***

**Fr Jobin Vanniamparambil C.Ss.R**
**Assistant Chaplain**
**Auckland Syro Malabar Catholic Mission**

# ഓക്‌ലാന്റിൽ വർണ്ണശബളമായ തിരുനാളാഘോഷം



ന്യൂസിലാന്റ് സീറോമലബാർ കാത്തലിക് മിഷന്റെ ആഭിമുഖ്യത്തിൽ ഓക്‌ലന്റിൽ കൊന്തനമസ്കാരവും, നിത്യസഹായ മാതാവിന്റെ തിരുനാളും പ്രഥമ ചാപ്ലിൻ ഫാ. അലക്സ് വിരുതുകുളങ്ങരയുടെ പൗരോഹിത്യ രജതജൂബിലിയും നടത്തപ്പെട്ടു. ഒക്ടോബർ 1 മുതൽ 10 വരെ എല്ലസ്ലി കാത്തലിക് പള്ളിയിലാണ് കൊന്തനമസ്കാരം നടത്തിയത്. ദിവസേന വൈകിട്ട് 7 മണിക്ക് ദിവ്യബലിയും തുടർന്ന് നൊവേനയും ജപമാലയും ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെട്ടു. കൊന്തനമസ്കാരത്തിന്റെ സമാപനദിവസമായ ഒക്ടോബർ 10-ന് ഫാ. അലക്സ് പതാക ഉയർത്തിയതോടെ തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കമായി. തുടർന്ന് ആഘോഷമായ ദിവ്യബലിയ്ക്കു ശേഷം, ഭക്തിപൂർവ്വകമായ ജപമാല പ്രദക്ഷിണം നടത്തപ്പെട്ടു. ഓരോ ദിവസത്തെയും ആഘോഷങ്ങൾക്ക് വിവിധ കുടുംബയൂണിറ്റുകൾ, സൺഡേസ്കൂൾ, യൂത്ത് ഗ്രൂപ്പ് എന്നിവർ നേതൃത്വം നൽകി.

ഒക്ടോബർ 12-ന് ഞായറാഴ്ച ഉച്ചയ്ക്കുശേഷം സേക്രട്ട് ഹാർട്ട് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് വർണ്ണപ്പൊലിമയാർന്ന തിരുനാൾ, ജൂബിലി ആഘോഷങ്ങൾ നടത്തപ്പെട്ടു. ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം മുഖ്യകാർമ്മികനായിരുന്ന കുർബാനയിൽ ജൂബിലേറിയൻ ഫാ. അലക്സ്, മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര, അസിസ്റ്റന്റ് ചാപ്ലിൻ ഫാ. ജോബിൻ വന്യംപറമ്പിൽ, C.Ss.R സന്യാസസഭയുടെ സുപ്പീരിയർ ഫാ. ജോൺ ഏരി, ഫാ. റ്റോം എന്നിവർ സഹകാർമ്മികരായിരുന്നു. കുർബാനയ്ക്കു ശേഷം നടന്ന പൊതുസമ്മേളനത്തിൽവച്ച് ആർച്ച് ബിഷപ്പിനേയും, ജൂബിലി ആഘോഷിക്കുന്ന അലക്സ് അച്ചനേയും പൊന്നാട അണിയിക്കുകയും, സീറോ മലബാർ മിഷന്റെ ഉപഹാരം നൽകുകയും ചെയ്തു. ഫാ. ജോൺ ഏരി, ഫാ. റ്റോം എന്നിവർക്കും ഉപഹാരങ്ങൾ നൽകി. സൺഡേ സ്കൂൾ ടീച്ചേഴ്സും കുട്ടികളും അലക്സ് അച്ചന് പ്രത്യേക സ്നേഹോപഹാരം നൽകി. ചടങ്ങിൽവച്ച് മുഴുവൻ സൺഡേ സ്കൂൾ അധ്യാപകരേയും ഉപഹാരം നൽകി ആദരിച്ചു. ബൈബിൾ ക്വിസ് മത്സരത്തിൽ വിജയികളായ സൺഡേ സ്കൂൾ കുട്ടികൾക്കുള്ള ട്രോഫികൾ ചടങ്ങിൽ വച്ചു സമ്മാനിച്ചു. ഓക്‌ലന്റ് സീറോ മലബാർ മിഷന്റെ മുഴുവൻ അംഗങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ച ആദ്യത്തെ ഡയറക്ടറി വെബ്സൈറ്റ് മാനേജർ ജോബി സിറിയക്കിനു നൽകി ആർച്ച് ബിഷപ്പ് പ്രകാശനം ചെയ്തു. പൊതുയോഗത്തിനിടയിൽ വച്ചു നടത്തപ്പെട്ട കലാവിരുന്ന് ഉന്നത നിലവാരം പുലർത്തി. ക്ലാസിക്കൽ ഡാൻസ്, സിനിമാറ്റിക് ഡാൻസ്, ഭക്തിഗാനം, മാർഗ്ഗംകളി, ഇൻഡ്യൻ തീം ഫ്യൂഷൻ ഡാൻസ് എന്നിവ കാണികളെ ആനന്ദഭരിതരാക്കി. സെന്റ്മേരീസ് ഫാമിലി യൂണിറ്റ് അവതരിപ്പിച്ച കലാമേന്മയും, സാങ്കേതികമികവും ഒത്തുചേർന്ന ബൈബിൾ നാടകം 'സ്നാപക യോഹന്നാൻ' ഒരു പുത്തൻ കാഴ്ചാനുഭവം നൽകി. തുടർന്നു നടന്ന സ്നേഹവിരുന്നിൽ 700-ഓളം പേർ പങ്കെടുത്തു. ജനറൽ കൺവീനർ ഷാജി സ്രാമ്പിക്കൽ, പാരീഷ് കൗൺസിൽ അംഗങ്ങൾ, സൺഡേ സ്കൂൾ അധ്യാപകർ, കുടുംബ യൂണിറ്റ് ഭാരവാഹികൾ എന്നിവരടങ്ങിയ തിരുനാൾ കമ്മറ്റിയാണ് ആഘോഷങ്ങൾക്ക് നേതൃത്വം നൽകിയത്.

**റജി ചാക്കോ ആനിത്തോട്ടത്തിൽ**



**Archbishop Mar Joseph Perumthottam, chief celebrant of the Perunnal Qurbana with other co-celebrants**











Jesus Christ. You all know him, right? The saviour; the one who did great miracles; the one who rose from the dead? But if you go out to your friends at school and ask them who Jesus is, 99 percent of them probably won't know! For them Jesus might just be some famous sports star or movie actor… but we know who he truly is. So what are they missing out on? Why don't they know who Jesus is? The answer is simple: they don't have the blessings we have… they don't have Sunday school! Some of you may think Sunday school is boring; others may already love it. Listen closely, and I'll tell you why exactly we have Sunday school.

The most important thing is that we learn about Jesus. By going to Sunday school, we get to learn about Heaven and angels and God. This is something that most Christians around the world would love to learn about! Especially in a place like NZ, we are extremely lucky to have an opportunity like this! Why would you not want to go to Sunday school! Another important thing is that we get time every week to meet new friends and talk with them. Normally most of us would spend Sundays at home, but now we have the chance to see our friends whom we normally wouldn't be able to see. You can talk about games, or anything… well, as long as it isn't during class. Finally, we are filled with floods of blessings. When we go to Sunday school and listen to our teachers teach us about Jesus, God himself looks from heaven and places his hands on each one of us. Yeah, we've all already been touched by God! As long as we take what we learn and use it in our daily lives, God will keep blessing us. So now you know how important Sunday school is: We learn about Jesus, we get to see our friends, and most importantly, God himself blesses us! So next time someone asks you why Sunday school is important, or who this 'Jesus' really is, don't be afraid to stand up, pray to God and tell them everything.

**Paulse Anithottam Year 9**

**My Feelings**

I take in their Sympathy
Making me feel Nurtured
I think of all the freedom when
living my second life

I feel God's strong but soft hand
lift me up as I get anointed by the priest
Giving me the strenght on my last
moment of life on Earth

God's grace empowers me
to live a sinfless life
God's Angels encourage me
to live a better life.

They lift me up beyound others
to give me a glimpse
of the life ahead of me

**Jennifer Joseph, year 4**

Angels in the sky, playing in fluffy white clouds
Seeking to see what you've done
Some are mischievous, but always helpful
If you're in trouble, look around
And you'll hear them whisper……..

Angels dance and sing
Just like us ! Yes it is true !
Angels are everywhere
You may not see them
Wiping your tears when you are sad
Rejoicing with you when you are glad.

Angels are your soul friends
For life and forever……..

**Athulya Shaji, year 6**

ദിവ്യ പ്രകാശത്തിൻ പൊൻ വിളക്കേ

അമ്മേ സ്വർലോക റാണി നീയേ

മിഴി നീരു തൂകി നിൻ സന്നിധി ചേർന്നിതാ

കൃപ ചൊരിഞ്ഞെന്നെ കാത്തിടെണേ

ഇരുളിൽ ഞാനലയുമ്പോൾ വഴി തേടി തളരുമ്പോൾ

അലിവാർന്നെൻ ദുഃഖങ്ങൾ മായ്ക്കെണമേ

തൃപ്പാദം ചേർത്തെന്നെ കാത്തീടണേ

അറിവിന്റെ നിറകുടമല്ലയോ ഞങ്ങളിൽ

ഇരുളിൽ പ്രഭ തൂകി നിറയേണമേ

നീതി തൻ ദർപ്പണമല്ലയോ തായേ

ഭാരത്താൽ വലയുമ്പോൾ തുണയേകണേ

വേദനയിൽ നീറും മനസ്സിൽ നിൻ കാരുണ്യം

തെന്നലായ് മുറിവുകൾക്കാശ്വാസമായ്

യേശുവിൻ അംബികേ വരമാരി തൂകണേ

എന്നെ നിൻ കൈകളിൽ താങ്ങീടണേ..

**Dr Mary Smitha**

‘‘ഞാൻ സ്നേഹമാകുന്നു!’’

അതിയായ വാത്സല്യത്തോടെയാണ് എന്നെ നോക്കി അവൻ പറഞ്ഞത്. കേട്ടുമടുത്ത വക്കുകളായി ഞാനതിനെ പുച്ഛിച്ച് തള്ളി. പക്ഷേ സമ്പത്തും സ്ഥാനമാനങ്ങളും എന്നെത്തേടിയെത്തിയപ്പോൾ എന്റെ കണ്ണുകൾ നന്ദിയോടെ അവനെ തേടി അപ്പോൾ അവൻ വീണ്ടും പറഞ്ഞു. ‘‘നിന്റെ സഹോദരനുമായി പങ്കുവയ്ക്കുക!’’ ഞാൻ വേഗം കണ്ണുകൾ അവനിൽ നിന്നും പിൻവലിച്ചു.

‘‘ആരാണ് എന്റെ സഹോദരൻ?’’ ഞാൻ ചുറ്റും നോക്കി. ആരെയും കണ്ടില്ല. കാരണം സ്വാർത്ഥത കൊണ്ട് എനിക്ക് ചുറ്റും കൂറ്റൻ മതിലുകൾ ഞാൻ പണിതിരുന്നു. ആശ്വാസത്തോടെ ഞാൻ എന്നിലേയ്ക്ക് തന്നെ വലിഞ്ഞു. അപ്പോൾ അതാ വീണ്ടും അവന്റെ സ്വരം ‘‘വിളക്ക് കൊളുത്തി പീഠത്തിൽ വയ്ക്കുക!’’ അവന്റെ നിർദ്ദേശം ഞാൻ തെറ്റായി വ്യാഖ്യാനിച്ചു. എനിക്ക് വേണ്ടി മാത്രം ഞാൻ വിളക്ക് തെളിച്ചു. പിന്നെ അതണച്ച് പീഠത്തിനടിയിൽവച്ചു. അസൂയ എന്നിൽ അങ്കുരിച്ചു കഴിഞ്ഞിരുന്നു.

ജറുസലേം ദൈവാലയത്തിൽ അവൻ ക്രൂദ്ധനായിരുന്നു. എന്റെ ഹൃദയമാകുന്ന ദൈവാലയത്തിന്റെ സ്ഥിതി ഞാൻ പരിശോധിച്ചിരുന്നെങ്കിൽ. ‘‘അന്യനെ വിധിക്കരുത്!’’ എന്ന് അവൻ മുന്നറിയിപ്പ് തന്നെങ്കിലും അപരന് നേരെ വിരൽചൂണ്ടി ഞാൻ പറഞ്ഞു. ‘‘അവനെ ക്രൂശിക്കുക, ദാ അവനെയും!’’

ഓശാനനാളിൽ കുരുത്തോല പിടിച്ച് അവന്റെ മുമ്പിൽ ഞാൻ നൃത്തമാടി എങ്കിലും എന്റെ മനസ്സിൽ ഒളിപ്പിച്ച് വച്ചിരുന്ന കള്ളനാണയങ്ങളുടെ കിലുക്കം അവൻ തിരിച്ചറിഞ്ഞിരുന്നു. ഗത്സമേനിൽ യൂദാസ് ഒറ്റിക്കൊടുത്തത് ഒരേയൊരുപ്രാവശ്യം, ഞാനോ കോഴ കൊടുത്തും വാങ്ങിയും പ്രമാണങ്ങൾ ലംഘിച്ചും അവനെ നിരന്തരമായി ഒറ്റിക്കൊടുത്തു കൊണ്ടിരുന്നു. ഹൃദയഭേദകമായി അവൻ ചോദിച്ചു. ‘‘നീ എന്നെ ഉപേക്ഷിക്കുകയാണോ!’’ സ്വന്തം നിലനിൽപ്പിനെന്ന വ്യാജേന ആ ചോദ്യം ഞാൻ കേട്ടില്ലെന്ന് നടിച്ചു. ‘‘എന്തിനെന്നെ പീഢിപ്പിക്കുന്നു!’’ ദയനീയമായിരുന്നു ആ ശബ്ദം. എന്നിലെ കരുണ വറ്റിപ്പോയിരുന്നതിനാൽ എനിക്കത് കേൾക്കാൻ കഴിഞ്ഞില്ല. പിന്നെയൊരിക്കൽ പരാജയങ്ങൾ ഏറ്റ് വാങ്ങി മൗനത്തിന്റെ വാത്മീകതയിൽ സ്വയം മറഞ്ഞിരുന്നപ്പോൾ അവൻ വന്ന് വാതിലിൽ മുട്ടി, കഴിഞ്ഞതെല്ലാം അവൻ മറന്നിരുന്നു. കാരണം അവൻ സ്നേഹമായിരുന്നു. വാതിലിൽ തുറന്ന എന്നോടവൻ മൃദുവായി പറഞ്ഞു. ‘‘ഞാൻ വഴിയും സത്യവും ജീവനുമാകുന്നു!’’ എന്നിലെ അന്ധകാരം അത് വിശ്വസിക്കാൻ കൂട്ടാക്കിയില്ല.

‘‘നന്ദി, ഞാൻ തിരക്കിലാണ്. പിന്നെ വരിക!’’ അസ്വസ്ഥതയോടെ ഞാൻ വാതിലടച്ചു. എങ്കിലും അവൻ പോയില്ല, ക്ഷമയോടെ എനിക്കായ് കാത്തുനിന്നു. കാരണം നല്ലയിടയന് കാണാതായ തന്റെ കുഞ്ഞാടിനെക്കൂടാതെ എങ്ങനെ തിരിച്ചുപോകാൻ കഴിയും. അവസാനം കണക്ക് കൂട്ടലിന്റെയും കിഴിക്കലിന്റെയും ഒടുവിൽ ഉന്മാദത്തിന്റെ പാരമ്യത്തിൽ വാതിൽ തള്ളിത്തുറന്ന് ഞാൻ പുറത്തിറങ്ങി. പ്രലോഭനവുമായി നിന്നിരുന്ന സാത്താനെ തള്ളിമാറ്റി അവന്റെ അരികിലെത്തി. അവന്റെ പിന്നാലെ ഞാനെത്തിയത് അവന്റെ വാസസ്ഥലത്തേയ്ക്കായിരുന്നു. കാൽതട്ടി മുട്ടിൻമേൽ വീണത് കാരുണ്യത്തിന്റെ സിംഹാസനത്തിലും എന്റെ കണ്ണുകളിൽ നിന്ന് വീണ് കൊണ്ടിരുന്നത് കണ്ണീരായിരുന്നില്ല. മറിച്ച് പശ്ചാത്താപത്തിന്റെ രക്തത്തുള്ളികളായിരുന്നു.

‘‘വരുവിൻ നമുക്ക് രമ്യതപ്പെടാം!’’ എന്ന് അവൻ ചെവിയിൽ മന്ത്രിച്ചതും ‘‘നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. സമാധാനമായി പോവുക’’ എന്ന് പുരോഹിതൻ പറഞ്ഞതും ഒരുമിച്ചായിരുന്നു.

Contd…………..

നിറഞ്ഞൊഴുകുന്ന കണ്ണുകൾ തുടച്ച് ഞാൻ വീണ്ടും നോക്കി. പുരോഹിതൻ ക്രിസ്തുവായി മാറുന്നത് ഞാൻ കണ്ടു. എന്റെ കാലുകൾ ശക്തിപ്രാപിച്ചു. എന്റെ മനസ്സിലെ ഭാരം ഒഴിഞ്ഞു. അൾത്താരമുന്നിലിരിക്കുമ്പോൾ അവൻ വീണ്ടും പറഞ്ഞു ''ഞാൻ സ്നേഹമാകുന്നു!'' ഇത്തവണ ഞാനും ഏറ്റു പറഞ്ഞു ''ദൈവമേ ഞാനും നിന്നെ സ്നേഹിക്കുന്നു!'' നിന്റെ സ്നേഹം മറ്റുള്ളവരിലേയ്ക്ക് പകരാൻ എന്നെ അനുഗ്രഹിക്കണമേ!''

അപ്പോൾ സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ നീലാകാശത്തേക്ക് പറന്നുയരുകയായിരുന്നു..

**മേരിക്കുട്ടി സെബാസ്റ്റ്യൻ**

---

# ആരാകണം നിന്റെ മകൻ

ഒരിക്കൽ സംഭാഷണത്തിനിടയിൽ എന്റെ സുഹൃത്ത് എന്നോട് ചോദിച്ചു. 'നിന്റെ മകൻ ഭാവിയിൽ ആരായിരിത്തീരാനാണ് നീ ആഗ്രഹിക്കുന്നത്?' 'അവൻ വളർന്ന് വലുതായി നല്ലൊരു മനുഷ്യനായി തീരണം എന്നാണ് എന്റെ ആഗ്രഹം'. ഒട്ടും പ്രതീക്ഷിക്കാത്ത എന്റെ ഉത്തരം കേട്ടിട്ടാകണം ഒന്നും മനസ്സിലാകാത്തതുപോലെ എന്റെ സുഹൃത്ത് എന്നെ പകച്ചുനോക്കി. മക്കൾ ഭാവിയിൽ ഡോക്ടറോ, എഞ്ചിനീയറോ അല്ലെങ്കിൽ ഉന്നത ബിരുദങ്ങൾ നേടി വലിയ പദവിയിലെത്തണം എന്നൊക്കെ ആഗ്രഹിക്കുന്ന മാതാപിതാക്കൾക്കിടയിൽ എന്റെ ഉത്തരം കേവലം ഒരു കടംകഥയായി തോന്നിയേക്കാം. പക്ഷേ, മക്കൾ എത്ര വലിയ നിലയിലെത്തിയാലും അവൻ മനുഷ്യനെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞിരുന്നെങ്കിൽ അവന്റെ ജീവിതംകൊണ്ട് എന്തുപ്രയോജനം. നാളെ... നമ്മുടെ മക്കൾ ഉന്നത ബിരുദ ങ്ങളും അതിനൊത്ത പ്രശസ്തിയും ഒട്ടെ നേടിയ വലിയ ഭിഷഗ്വരന്മാരായി മാറിയേക്കാം. പക്ഷേ, പണംകൊടുക്കാൻ കഴിവില്ലാത്ത നിർദ്ധനരായ തന്റെ രോഗികൾക്ക് ചികിത്സ നിഷേധിച്ച്... അവരെ മരണത്തിന്റെ താഴ്വരയിലേയ്ക്ക് തള്ളിയിടുമ്പോൾ ദൈവത്തിന്റെ കൈയ്യൊപ്പു പതിഞ്ഞ അവരുടെ കൈകളിൽ പാപക്കറപുരളുന്നു. കൈക്കൂലി നല്കാൻ കഴിവില്ലാത്തതുകൊണ്ട് സർക്കാർ ഓഫീസിന്റെ പടിവാതിലുകൾ പലവട്ടം കയറിയിറങ്ങേണ്ടിവരുന്ന പാവപ്പെട്ടവർക്ക് നീചി നിഷേധിക്കപ്പെടുമ്പോൾ അവരുടെ യാചനകളും കണ്ണീരും കണ്ടില്ലെന്നു നടിക്കുന്ന മക്കളെനോക്കി അഭിമാനിക്കാൻ നമുക്കു കഴിയുമോ? ചെയ്യാത്ത തെറ്റിന് നിരപരാധികൾക്ക് നമ്മുടെ മക്കൾ ശിക്ഷവാങ്ങി കൊടുക്കുമ്പോൾ ഈ രക്തത്തിൽ എനിക്ക് പങ്കില്ലെന്നുപറഞ്ഞ് പീലാത്തോസിനെപ്പോലെ കൈകഴുകാൻ നമുക്കു സാധിക്കുമോ? പണം സമ്പാദിക്കാനും പ്രശസ്തി നേടാനുമൊക്കെ നാം മക്കളെ പഠിപ്പിക്കുമ്പോൾ, അതിനൊപ്പം ദൈവഹിതം നിറവേറ്റി ജീവിക്കുന്ന നല്ലൊരു മനുഷ്യനായി അവരെ വളർത്താൻ പലരും മറക്കുന്നു.

Contd…..

സങ്കീർത്തനങ്ങൾ 127-ാം അദ്ധ്യായത്തിൽ ഇങ്ങനെ പറയുന്നു. ‘‘കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവും’’. അങ്ങനെയെങ്കിൽ ദൈവം നല്കിയ മക്കളെ അവിടുത്തെ ഹിതമനുസരിച്ച് വളർത്താനുള്ള കടമയും ഓരോ മാതാപിതാക്കൾക്കും ഉണ്ട്. മക്കൾക്ക് അവരുടെ വഴി തിരഞ്ഞെടുക്കാനുള്ള അവകാശം മാതാപിതാക്കൾ അവർക്ക് നല്കണം. ശരിയായ വഴി തിരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം.

അതല്ലാതെ ഒരിക്കലും നമ്മുടെ ആഗ്രഹങ്ങൾ മക്കളിൽ അടിച്ചേൽപിക്കാൻ ശ്രമിക്കരുത്. നമ്മുടെ മക്കൾക്ക് നൽകാനുള്ള പല നല്ല ഉപദേശങ്ങളും വി. ഗ്രന്ഥത്തിൽ പലയിടത്തും പ്രതിപാദിക്കുന്നുണ്ട്. പ്രഭാഷകന്റെ പുസ്തകം 4-ാം അദ്ധ്യായത്തിൽ ഇങ്ങനെ പറയുന്നു.

‘‘മകനെ, പാവപ്പെട്ടവന്റെ ഉപജീവനം തടയരുത്. ആവശ്യക്കാരനെ കാത്തിരുത്തി വിഷമിപ്പിക്കരുത്. വിശക്കുന്നവനെ ദുഃഖിപ്പിക്കരുത്. ഇല്ലാത്തവനെ ക്ഷോഭിപ്പിക്കരുത്. യാചകന് ദാനം താമസിപ്പിക്കരുത്. കഷ്ടതയനുഭവിക്കുന്ന ശരണാർത്ഥിയെ നിരാകരിക്കുകയോ, ദരിദ്രനിൽനിന്നും മുഖം തിരിക്കുകയോ ചെയ്യരുത്. നിന്നെ ശപിക്കാൻ ആർക്കും ഇടനല്കരുത്. പാവപ്പെട്ടവന്റെ വാക്ക് ശ്രദ്ധിച്ചുകേട്ട് സമാധാനത്തോടും സൗമ്യതയോടും കൂടി മറുപടി നൽകുക. മർദ്ദകന്റെ കൈയ്യിൽനിന്നും മർദ്ദിതനെ രക്ഷിക്കുക. അചഞ്ചലമായി ന്യായം വിധിക്കുക. നമ്മളിൽ എത്രപേർക്ക് ഇതുപോലൊരു ഉപദേശം മക്കൾക്ക് നൽകാനാവും. മക്കളെല്ലാവരും ഒരുപോലെയാവില്ലല്ലോ. അതുപോലെതന്നെ അവരുടെ കഴിവുകളും ഒരുപക്ഷേ നിങ്ങളുടെ മക്കൾക്ക് ഉന്നതപദവിയൊന്നും നേടാൻ സാധിച്ചില്ലായിരിക്കാം. പക്ഷേ, വഴിയോരത്ത് അപകടത്തിൽപ്പെട്ട്, എല്ലാവരാലും അവഗണിക്കപ്പെട്ടുകിടക്കുന്ന ഒരുവനെ തക്കസമയത്ത് ഹോസ്പിറ്റലിൽ എത്തിച്ച് നല്ല സമരിയാക്കാരനായി മടങ്ങിയെത്തുമ്പോൾ ‘മകനെ നീ വലിയവനാണ്, നിന്നിൽ ഞാൻ അഭിമാനം കൊള്ളുന്നു.’ എന്നുപറയാൻ കഴിയുന്ന എത്രപേരുണ്ട് നമുക്കുചുററും. അങ്ങനെയെങ്കിൽ അപകടത്തിൽപ്പെട്ട് ചികിത്സ കിട്ടാതെ രക്തംവാർന്ന് അകാലത്തിൽ പൊലിഞ്ഞുപോയ എത്രയോ ജീവിതങ്ങൾ രക്ഷപെടുമായിരുന്നു.

നമ്മുടെ മക്കളെ അവരുടെ കഴിവുകൾക്കൊത്ത് പരിശീലിപ്പിക്കുക. അവരുടെ ആഗ്രഹങ്ങളെ ബഹുമാനിക്കുക. അവർ ആരായിത്തീരാൻ ആഗ്രഹിക്കുന്നുവോ അതിനു സഹായിക്കുക. ഏതു ജോലിയും മഹത്തരമാണെന്നു പഠിപ്പിക്കുക. എല്ലാത്തിനും ഉപരിയായി ദൈവത്തിനും മനുഷ്യനും അഭികാമ്യനായ നല്ലൊരുവ്യക്തിയായി അവരെ വളർത്തുക. മാതാപിതാക്കളുടെ പ്രതീക്ഷകൾക്കൊപ്പം എത്താൻ കഴിയാത്തതിന്റെ നിരാശയിൽ, അല്ലെങ്കിൽ പരീക്ഷകളിൽ പരാജയപ്പെട്ടതിന്റെ പേരിൽ ജീവിതം തന്നെ ഹോമിക്കേണ്ടിവരുന്ന കുഞ്ഞുങ്ങൾ നമ്മുടെ ഇടയിൽ ഉണ്ടാകാതിരിക്കട്ടെ. കൊന്തനമസ്കാരത്തിന്റെ വിശുദ്ധിയിൽ പരിശുദ്ധ അമ്മയോടുചേർന്ന് നമ്മുടെ മക്കളെ ദൈവസന്നിധിയിൽ സമർപ്പിച്ച് അവർക്കായി പ്രാർത്ഥിക്കുക. ജപമാലയുടെ കീർത്തനങ്ങൾക്കിടയിൽ ഷാരോണിലെ ലില്ലിപൂക്കളെപോലെ നമ്മുടെ മക്കൾ വളരട്ടെ.

**Tessy Joji Nagappuzha**

This issue of the "Rainbow" introduces "Mr Manish Joseph and Family" as part of the "God's Family Column".

**A little about Mr Manish Joseph and Family**

Mr Manish Joseph & Family hails from a devout Catholic Family in Pala, Kottayam and migrated to New Zealand in 2007. He is an eminent parishioner who has been actively involved in the Syro Malabar Catholic Mission Church activities and served a parish council member. He is also one of the parishioners who was involved in the establishment of the Syro Malabar Catholic Community in Auckland during the early days of its inception. His wife Sincy is a nurse and also hails from Pala. The couple is blessed with three wonderful kids Jean, Jennifer and Julian.

Jean and Jennifer are students of Sunday School and actively take part in all the Sunday School Activities. Jean serves as an altar boy and Jennifer is a talented little girl who is a writer, dancer and a good orator.



*You who live in the shelter of the Most High*

*Who abide in the shadow of the Almighty*

*Will say to the Lord, My refuge and my fortress; my God in whom I trust*

*Psalm 91*

# Bible Quiz

This issue of the Bible Quiz focuses on Synoptic Gospels. Sunday School Students are encouraged to send in their answers at the earliest as **prizes will be given to the first three winners (the three participants who sent in the first three correct entries).**

The winners of the last Bible Quiz are :

**Glory Clement, Harris Tomy and Mareesa Jayees.**

**Congratulations to all the winners!**

**Kindly read the instructions before attempting**.

- Only Sunday School Children are eligible to participate.
- Answers should be sent to rainbowsmcm@gmail.com on or before 10th November 2014.
- All answers should be based on the Catholic Edition of the Bible.
- Prizes will be given to the first three winners.

***Good Luck to all the participants.***

***TEAM RAINBOW***

***Questions***

1. A genealogy of Jesus is found in which two gospels?

2. Give the names of John the Baptist's parents.

3. We read of Satan tempting Jesus in the three synoptic gospels. Which account is the shortest?

4 .Name the two sisters of Lazarus.

5. The Parable of the Good Samaritan is found in only one gospel. Name which one.

6. In an unmistakable language Jesus describes himself to be the Messiah to the Samaritan Woman at Jacob’s well. This is recorded in only one gospel. Name it?

Continued on next page…...

7. Which of the following event is recorded in all four gospels?

- Jesus walking on the water
- The feeding of the five thousand
- The miracle of turning water into wine
- The beheading of John the Baptist

8. Who wrote the gospel of John?

- John the Baptist
- John Mark, the companion of Barnabas
- John the son of Alpheus
- John the son of Zebedee

9. Which parable is recorded in all three synoptic gospels?

- The Sower
- The Ten Virgins
- The Prodigal Son
- The Good Shepherd

10. Only one of the following events is recorded in all four gospels. Do you know which one?

- The anointing of Jesus by Mary at Simon's feast
- The institution of the Lord's Supper
- The triumphal entry
- Jesus' ascension



## ന്യൂസിലാന്റിൽ അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.

ഓക്‌ലന്റ് സീറോ-മലബാർ കാത്തലിക് മിഷന്റെ ആഭിമുഖ്യത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിനാൾ ആഘോഷപൂർവ്വം കൊണ്ടാടി. ജൂലൈ 27 ഞായറാഴ്ച എല്ലസ്ലി കാത്തലിക് പള്ളിയിൽ വച്ചാണ് തിരുനാൾ ആഘോഷിച്ചത്. വൈകിട്ട് 4:30-ന് ഓക്‌ലന്റ് സീറോ-മലബാർ മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര **CSsR** അൽഫോൻസാമ്മയുടെ തിരുസ്വരൂപവും തിരുശേഷിപ്പും വെഞ്ചരിച്ച് ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് നടന്ന ആഘോഷമായ തിരുനാൾ പാട്ടുകുർബാനയിൽ അസിസ്റ്റന്റ് ചാപ്ലിൻ ഫാ. ജോബിൻ വന്യംപറമ്പിൽ **CSsR** മുഖ്യകാർമ്മികനായിരുന്നു.

അൽഫോൻസാമ്മയുടെ സഹന ജീവിത മാതൃക പിൻചെന്ന് വിശുദ്ധിയിലേയ്ക്കുള്ള വഴിയിലൂടെ മുന്നേറുവാൻ ഫാ. ജോയി തന്റെ പ്രസംഗമദ്ധ്യേ ഉദ്ബോധിപ്പിച്ചു. കുർബാനയ്ക്കുശേഷം നൊവേനയും തുർന്ന് അൽഫോൻസാമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ഭക്തിസാന്ദ്രമായ പ്രദക്ഷിണവും നടത്തപ്പെട്ടു. പേപ്പൽ പതാക വഹിച്ച സൺഡേസ്കൂൾ കുട്ടികളും കത്തിച്ച മെഴുകിതിരികളും ഒപ്പം ജപമാല പ്രാർത്ഥനയും ചേർന്ന പ്രദക്ഷിണം വിശ്വാസികൾക്ക് മറക്കാനാവാത്ത അനുഭൂതിയാണ് സമ്മാനിച്ചത്. തുടർന്നു നടന്ന വിഭവസമൃദ്ധമായ സ്നേഹവിരുന്നിൽ 700-ഓളംപേർ പങ്കെടുത്തു. പാരീഷ്കൗൺസിൽ അംഗങ്ങളും, സൺഡേസ്കൂൾ അധ്യാപകരും, കുടുംബയൂണിറ്റ് ഭാരവാഹികളും ആഘോഷങ്ങൾക്ക് നേതൃത്വം നല്കി.






## ന്യൂസിലാന്റിൽ വിശ്വാസപരിശീലന ക്യാമ്പ് നടത്തി

ഓക്‌ലാന്റ് സീറോ-മലബാർ മിഷൻ സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ 1 മുതൽ 12 വരെ ക്ലാസിലെ കുട്ടികൾക്കായി നടത്തിയ ശിശിരകാല വിശ്വസ പരിശീലനക്യാമ്പ് അത്യന്തം വിജയകരമായി പര്യവസാനിച്ചു. ജൂലൈ 7,8,9 തീയതികളിൽ എല്ലസ്ലി കാത്തിലിക് പള്ളിയിൽവച്ചാണ് തുടർച്ചയായ 7-ാം വർഷവും ഈ ക്യാമ്പ് നടത്തപ്പെട്ടത്. 125-ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. പ്രാർത്ഥന-ക്രിസ്തീയ ജീവിതത്തിന്റെ ആധാരശില എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട ക്യാമ്പിൽ പ്രാർത്ഥന സംബന്ധമായ വിവിധ മേഘലകളെ ആസ്പദമാക്കി ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിക്കപ്പെട്ടു. സീറോ-മലബാർ മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര, അസിസ്റ്റന്റ് ചാപ്ലിൻ ഫാ. ജോബിൻ വന്യപറമ്പിൽ, ബിജു ജോർജ്ജ് ജോസ് ജോസഫ്, ലോട്ടസ് റെജി, ലിസാ ജോൺസൺ, ടീനാ തോമസ്, ജോമിനി ജോസ്, നിഷി ജോസഫ് എന്നിവർ ക്ലാസുകൾ നയിച്ചു. ആക്ഷൻ സോങ്ങുകളും, വിവിധ മത്സരങ്ങളും, കളികളും, മറ്റ് ആക്റ്റിവിറ്റികളുംകൊണ്ട് സമ്പന്നമായ ക്യാമ്പ് ഒരു പുത്തൻ അനുഭവമായിരുന്നു എന്ന് ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ കുട്ടികളും ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു.

സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നീ മൂന്നു വിഭാഗങ്ങളായി തിരിച്ചാണ് ക്ലാസുകൾ നടത്തപ്പെട്ടത്. ഓരോ വിഭാഗത്തിൽ നിന്നും 4 പേരെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി. 3 ദിവസങ്ങളിലുമായി നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ ജൂലിയറ്റ് സെബാസ്റ്റ്യന്റെ നേതൃത്വത്തിലുള്ള ‘ചാവറ’ ടീം ഒന്നാം സ്ഥാനവും ആമ്പിൽ സാബുവിന്റെ നേതൃത്വത്തിലുള്ള ‘ഏവുപ്രാസ്യാ’ ടീം രണ്ടാം സ്ഥാനവും നേടി. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ റെജി ചാക്കോ, ഷാലി ക്ലമന്റ്, സ്മിതാ ഷാജി, ലിജി ടോമി, റിയ കോശി, മേരി പോൾ, റീനി സജീവ് എന്നീ അധ്യാപകരും, യൂത്ത് ഗ്രൂപ്പ് അംഗങ്ങളും, മാതാപിതാക്കളും ക്യാമ്പിന് നേതൃത്വം നല്കി. മുൻ വർഷങ്ങളിൽ നിന്നു വ്യത്യസ്തമായി 3 ദിവസവും തുടർച്ചയായി നടത്തപ്പെട്ട ദിവ്യകാരുണ്യ ആരാധന ക്യാമ്പിന്റെ വൻ വിജയത്തിന് ശക്തിസ്രോതസ്സായി. സൺഡേസ്കൂൾ അർദ്ധവാർഷിക പരീക്ഷ ജൂലൈ 20 ഞായറാഴ്ച 3:30-ന് നടന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കി സൺഡേസ്കൂൾ കുട്ടികൾക്കുള്ള ബൈബിൾ ക്വിസ് ഫൈനൽ റൗണ്ട് ആഗസ്റ്റ് 3 ഞായറാഴ്ച 3:30-ന് നടത്തപ്പെട്ടു.

# Upcoming Events



- *Sunday School Final Examinations 2014*
- *Christmas Carol Singing 2014*
- *Christmas Celebrations 2014*

*Rainbow: Express, Exchange and be Informed of a Christian Way of Life !*



*Send your articles to rainbowsmcm@gmail.com*

**The Vision of the SM Mission**

*"We, the Syro-Malabar Catholic Mission New Zealand, take every step to live our Christian Vocation as handed over to us through St. Thomas, the Apostle of Jesus Christ, with its own distinct characteristics expressed in worship, spirituality, theology and disciplinary laws, to unite all the Syro-Malabar faithful in New Zealand under the hierarchical order of the Syro-Malabar Church and handover the same faith and tradition to our children"*

**Printed and published by SMCM Auckland, Immaculate Conception Parish, 66 Main Highway, Ellerslie, Auckland**
**www.asmcm.org.nz Tel: 5795458 Email: smchaplainnz@gmail.com, Mobile: 0226977207. Pvt Circulation**